മെട്രോ വാർത്ത

4 February 2017



*സിഎംഎഫ്ആർഐ ഒരുക്കിയ പ്രദർശനത്തിൽ മത്സ്യത്തെ നിരീക്ഷിക്കുന്ന വിദ്യാർഥികൾ.*

# കടലറിവുകളുടെ വിസ്മയം തുറന്ന് സിഎംഎഫ്ആർഐ

കൊച്ചി: കേന്ദ്രസമുദ്രമത്സ്യ ഗവേഷണ സ്ഥാപനം ഒരുക്കിയ കടലറിവുകളുടെ പ്രദർശനം കാണാൻ വൻ തിരക്ക്. ആഴക്കടലിന്റെ അദ്ഭുതങ്ങളും സമുദ്ര ജൈവ വൈവിധ്യങ്ങളുടെ വിസ്മയവും അനാവരണം ചെയ്ത ശാസ്ത്ര പ്രദർശനം കാണാൻ നാലായിരത്തോളം പേരാണെത്തിയത്. 70ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ചാണ് രാജ്യത്തെ മുൻനിര ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐ മ്യൂസിയവും ലബോറട്ടറികളും ശാസ്ത്ര- ഗവേഷണ പഠനങ്ങളും പൊതുജനങ്ങൾക്കായി തുറന്നിട്ടത്.

മത്സ്യങ്ങളുടെ വയസ് കണ്ടെത്തുന്നതിനു വേണ്ടിയുള്ള പരീക്ഷണ ശാല സന്ദർശകരിൽ കൗതുകമുണർത്തി. മീനുകളുടെ പ്രായം തിട്ടപ്പെടുത്തുന്നതിന്റെ വിവിധ പ്രവർത്തനങ്ങളും അതിനുപയോഗിക്കുന്ന ഉപകരണങ്ങളും ഗവേഷകർ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി. മത്തിയുടെ ശരാശരി പ്രായം ഒന്നര മുതൽ രണ്ട് വർഷവും ചൂരയുടേത് 20 വർഷവുമാണെന്ന് ശാസ്ത്രസംഘം വിശദീകരിച്ചു.

സമുദ്ര ജൈവവൈവിധ്യ മ്യൂസിയത്തിൽ ഒരുക്കിയ നീല തിമിംഗലങ്ങളുടെയും പെൻഗ്വിന്റെയും ഇഷ്ടഭക്ഷണമായ അന്റാർട്ടിക്കൻ ക്രിൽ, കടൽപശു, കടൽവെള്ളരി, കടൽക്കുതിര, ഏറ്റവും വലിയ മത്സ്യമായ തിമിംഗലസ്രാവ് എന്നിവ കാഴ്ചക്കാരിൽ കൗതുകമുണർത്തി. സമുദ്ര ജൈവ വൈവിധ്യങ്ങളുടെ അപൂർവ ശേഖരങ്ങൾ കൊണ്ട് സമ്പന്നമായ മ്യൂസിയം കുട്ടികളടക്കമുള്ള സന്ദർശകരെ ഏറെ ആകർഷിച്ചു. ഒരുവർഷം നീണ്ടു നിൽക്കുന്ന സപ്തതി ആഘോഷ പരിപാടിയുടെ ഉദ്ഘാടനം 18ന് സിഎംഎഫ്ആർഐയിൽ നടക്കും. ഗവർണർ ജസ്റ്റിസ് പി. സദാശിവം മുഖ്യാതിഥിയാകും.